സഹായധനം കൊടുക്കേണ്ട എന്നു ഗവമ്മേണ്ടിന്നുദ്ദേശമുള്ളതായി തെറ്റിധരിച്ചുപോകരുതു്. ഈ സ്കൂളുകളെല്ലാം തുടങ്ങീട്ടുള്ളതു് സൌകര്യപ്പെടുമ്പോൾ സഹായധനം കിട്ടിയാൽ മതി, തുടങ്ങുവാൻ അനുവദിച്ചാൽമാത്രംമതി എന്നു് പറഞ്ഞിട്ടാണു്. അങ്ങിനെ പറഞ്ഞിട്ടുള്ള കൂട്ടത്തിലൊന്നാണു് ഇപ്പോൾ വീണുപോയിട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: സംസ്കൃത വിദ്യാലയങ്ങളെ സഹായിക്കണമെന്നുള്ള തത്വം ഗവമ്മേണ്ടു് അംഗീകരിച്ചിട്ടുണ്ടോ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: അംഗീകരിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സു് പണിക്കർ: അവർ അതിലേക്കു വേണ്ടത്തക്ക സ്കീം തയ്യാറാക്കി ഗവമ്മേണ്ടിലേക്കു സമർപ്പിച്ചിട്ടുണ്ടോ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: ഉണ്ടു്, അതു ഗവമ്മേണ്ടു പരിശോധിച്ചുവരികയാണു്. എന്നാൽ അതു ഉടനടി നടപ്പിലാക്കുവാൻ വളരെ പണച്ചിലവുണ്ടു്. ഇതിൽ മലയാളം സ്കൂളുകളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതിനെപ്പറ്റി ആലോചിച്ചാൽ മതി. അതുകൊണ്ടു് പ്രത്യേകിച്ചു് ഇന്നത്തെ കാലസ്ഥിതിക്കു് സ്കൂൾ തുടങ്ങിയ ഉടനെ സഹായധനം കൊടുക്കുമെന്നുള്ള ഗവമ്മേണ്ടിന്റെ പോളിസി എടുത്താൽ വളരെ അപകടമാകും.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ന. സ്കൂളുകളല്ലേ ഉള്ളു.

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: ഗവമ്മേണ്ടിൽനിന്നു സഹായധനം കൊടുക്കാൻ മനസ്സില്ലെന്നു് പറയുന്നതായി ആരും തെറ്റിധരിക്കരുതു്. ഇന്നത്തെ നിലയിൽ തുടങ്ങുന്ന സ്കൂളുകൾക്കെല്ലാം അപ്പോൾതന്നെ ഗ്രാൻറു കൊടുക്കുവാൻ സാദ്ധ്യമല്ല. ഈ സ്കൂളുകൾ തുടങ്ങിയ കാലത്തു അവക്കെല്ലാം സഹായധനം കൊടുക്കണമെന്നതന്നെയാണു വിചാരിച്ചിരുന്നതു്.

മിസ്റ്റർ സി. കെ. നായർ: സ്കൂളുകൾ തുടങ്ങിയതു കൊണ്ടു് സഹായധനം വേണമെന്നു് അവകാശപ്പെടുന്നതായി വരുന്നുണ്ടോ? ഒരാൾ ഒരു സ്കൂൾ തുടങ്ങിപ്പോയി, അതു് ഒരുവിധം നടത്തിക്കൊണ്ടുപോയാൽ കൊള്ളാമെന്നു് അയാൾക്കു് ആഗ്രഹമുണ്ടു്, പക്ഷെ അയാളെക്കൊണ്ടു് നടത്തുവാൻ വിഷമവുമാണു്, അനുകൂലമായ ഒരു ഗവമ്മേണ്ടാണുള്ളതെന്നും അയാൾക്കു ബോദ്ധ്യമുണ്ടു്. അങ്ങിനെയുള്ളവക്കു് ഇപ്പോഴെങ്കിലും ഉള്ളവകൂടി വീഴാതെ നടത്തിക്കൊണ്ടുപോകുവാൻ സഹായിച്ചുകൂടേ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: ആലോചിക്കാം.

MALAYALAM TEXT BOOKS—SCRUTINY OF

55. മിസ്റ്റർ സി. കെ. നായർ: താഴെ ചേർക്കുന്ന ചോദ്യങ്ങൾക്കു ഗവമ്മേണ്ടു് സദയം മറുപടി പറയുമോ.—

(എ) പാഠപുസ്തകസമിതിക്കു കിട്ടുന്ന മലയാള ഭാഷയിലുള്ള പുസ്തകങ്ങൾ മുഴുവനും സമിതിയിലെ മലയാളവിഭാഗത്തിൽപ്പെട്ട അംഗങ്ങൾ തന്നെയൊ പരിശോധിക്കാറു്;

(ബി) ആരെല്ലാമാണു് ഈ വിഭാഗത്തിൽ ഇപ്പോഴുള്ളതു്?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: (എ) അല്ല, ചരിത്രം, ഭൂമിശാസ്ത്രം എന്നീവിഷയങ്ങളും സയൻസു്, കണക്കു് എന്നിവയും മലയാളത്തിലാണെങ്കിലും അവക്കു് പ്രത്യേകം ഉള്ള ഉപസമിതികൾതന്നെയാണു് ആ വിഷയങ്ങളിലെ പുസ്തകങ്ങളെ പരിശോധിക്കുന്നതു്.

(ബി) Names of the members of the Vernacular Sub-Committee.

1. M. R. Ry. K. Karunakaran Nayar Avl., M.A., Offg. Principal, Maharaja's College, Ernakulam, (President).
2. M. R. Ry. T. K. Krishna Menon, B.A., Kumaralayam, Ernakulam.
3. H. H. Kerala Varma, B.A., 3rd Prince of Cochin, Ernakulam.
4. M. R. Ry. K. Rama Pisharoti Avl., M.A. (Hons.), Additional Professor, Maharaja's College, Ernakulam.
5. M. R. Ry. A. B. Muhammed Avl., Ernakulam.
6. M. R. Ry. Joseph V. Manjuran Avl., M.A., L.T., Headmaster, St. Albert's High School, Ernakulam.
7. M. R. Ry. K. Ayyappan Avl., B.A., (M.L.C.), Ernakulam.
8. M. R. Ry. A. Krishna Warrier Avl., B.A., L.T., Retired Headmaster, High School, Trichur.

LIBRARY ARCHIVES Kerala Legislative Assembly

9. Dr. C. C. Mathew M.A., Ph.D., Principal, Government Training Institution, Ramavarmapuram, (Secretary).

മിസ്റ്റർ സി. കെ. നായർ: ചരിത്രം, ഭൂമിശാസ്ത്രം, സയൻസ് എന്നീ വിഷയങ്ങളും പരിശോധിക്കുന്ന കമ്മിറ്റിയിൽ മലയാളഭാഷയുംകൂടി പരിജ്ഞാനമുള്ള വല്ലവരുമുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ: ഇതിലുള്ള പലരും മലയാളഭാഷ അറിവുള്ളവരാണ്.

മിസ്റ്റർ സി. കെ. നായർ: എന്റെ ചോദ്യം അതല്ല. ചരിത്രം, ഭൂമിശാസ്ത്രം, സയൻസ് എന്നിവ മലയാളത്തിലാണെങ്കിലും അവക്ക പ്രത്യേകമായുള്ള ഉപസമിതിയാണ് ഈ വിഷയങ്ങളും പരിശോധിക്കാവ് എന്നു പറഞ്ഞു. അപ്പോൾ മലയാളത്തിലുള്ള പുസ്തകങ്ങളും ഈ രണ്ടു കമ്മിറ്റിയും പരിശോധിക്കുന്നുണ്ടോ എന്നാണോ വിചാരിക്കേണ്ടത്?

റാവു സാഹിബ് ഐ. എൻ. മേനോൻ: അല്ല. സയൻസ്, കണക്ക മുതലായിട്ടുള്ളവ മലയാളഭാഷയിലെഴുതിട്ടുണ്ടെങ്കിലും മലയാളഭാഷക്ക പ്രത്യേകം വെച്ചിട്ടുള്ള ഉപസമിതി തന്നെയാണ് അതു പരിശോധിക്കുന്നത്.

മിസ്റ്റർ സി. കെ. നായർ: മലയാളഭാഷയിൽ പ്രത്യേക പരിജ്ഞാനമുള്ളവരാണോ ഈ പ്രത്യേക കമ്മിറ്റിയിലുള്ളത്? ഭാഷാസംബന്ധമായ ന്യൂനതകൾ തീക്കുവാൻ കഴിവുള്ളവരാണോ ഈ കമ്മിറ്റിയിലെ അംഗങ്ങൾ?

റാവുസാഹിബ് ഐ. എൻ. മേനോൻ: ഇതിനു പൊതുവായിട്ടുള്ള ഒരു മറുപടിയല്ലാതെ പറയുവാൻ നിവൃത്തിയില്ല. ഇതിൽ പ്രധാനമായിട്ട വേണ്ടത് ശാസ്ത്രത്തിന്റെ നൈപുണ്യമാണ്. ഭാഷ രണ്ടാമതായിട്ടെ കണക്കാക്കുവാൻ തരമുള്ളൂ. ഭാഷയിൽ പ്രായോഗികമായ പരിജ്ഞാനം ആവശ്യമാണ്. ചില്ലറയായിട്ടുള്ള ന്യൂനതകളൊ, ഭാഷാസ്ഖലിതങ്ങളൊ ഒക്കെ മാറുവാൻ അവക്ക സാധിക്കുമെന്നുള്ളതിനു സംശയമില്ല.

മിസ്റ്റർ സി. കെ. നായർ: മലയാളഭാഷയിൽ പ്രത്യേകപരീക്ഷ പാസ്സായിട്ടുള്ളവരുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ: ചില ആളുകൾ വലിയ പരീക്ഷകൾ ഉണ്ടാകുന്നതിനുമുമ്പുതന്നെ ജനിച്ചവരും യോഗ്യന്മാരാണെന്നു സമ്മതിക്കപ്പെട്ടിട്ടുള്ളവരുമാണ്. ടി. കെ. കൃഷ്ണമേനോൻ, എച്ച്. എച്ച്. കേരളവർമ്മ, കെ. രാമപിഷാരടി, ഇന്നത്തെ ഡെപ്യൂട്ടി പ്രസിഡെണ്ട് ഇവരൊക്കെയാണ്. ഇവരൊക്കെ ആ ക്ലാസ്സിൽപെട്ടവരാണ്, ഇവരിൽ ഭാഷാപരിജ്ഞാനമുള്ളവരാരും ഇല്ലെന്നു പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ സി. കെ. നായർ: മലയാളഭാഷാപുസ്തകങ്ങളും പരിശോധിക്കുവാൻ വെച്ചിട്ടുള്ള കമ്മിറ്റിയിൽ മലയാളഭാഷ പരിജ്ഞാനമുള്ളവരായി എത്ര ആളുകളുണ്ട്?

റാവുസാഹിബ് ഐ. എൻ. മേനോൻ: എല്ലാവരും മലയാളഭാഷ അറിയാവുന്നവരാണ്. അഭ്യസ്തവിദ്യരും പണ്ഡിതന്മാരുമാണെന്നു സമ്മതിക്കപ്പെട്ടിട്ടുള്ളവരും അതിലുണ്ട്.

മിസ്റ്റർ സി. കെ. നായർ: ഇവർ അഭ്യസ്തവിദ്യരാണെന്നു എനിക്കറിയാം. മലയാളഭാഷയിൽ ശരിയായ പരിജ്ഞാനമുള്ളവരാണോ അവർ എന്നാണ് ചോദ്യം. മിസ്റ്റർ പിഷാരടി സംസ്കൃതം എം. എ. അല്ലേ?

റാവു സാഹിബ് ഐ. എൻ. മേനോൻ: അതെ.

മിസ്റ്റർ സി. കെ. നായർ: സംസ്കൃതം എം. എ. ആണെങ്കിൽ മലയാളഭാഷ അറിയണമെന്നുള്ള നിർബ്ബന്ധമില്ലല്ലൊ. കൊച്ചി രാജ്യത്തെ സ്കൂളുകളിൽ മലയാളഭാഷ പഠിപ്പിക്കുന്ന നാലുപേരെങ്കിലും ഉണ്ടോ ഇതിൽ?

റാവു സാഹിബ് ഐ. എൻ. മേനോൻ: ഇതിൽ പഠിപ്പിക്കുന്ന ആളുകളാരുമില്ല.

മിസ്റ്റർ സി. കെ. നായർ: പഠിപ്പിക്കുന്നവർ ഇല്ല. അതുപോകട്ടെ. ഇതിലുള്ള അപൂവ്വം ചിലരെ ഒഴിച്ചാൽ ബാക്കിയുള്ളവരിൽ മലയാളഭാഷ അറിയാവുന്ന ആരെങ്കിലുമുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ: മലയാളഭാഷ അറിയാവുന്നവരെയുള്ളൂ.

മിസ്റ്റർ സി. കെ. നായർ: എ. ബി. മുഹമ്മദ്, ഇദ്ദേഹം ഗ്രാഡുവെററാണോ?

റാവു സാഹിബ് ഐ. എൻ. മേനോൻ: നോട്ടീസ്സു വേണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. വി. ഇയ്യു: മലയാളഭാഷാപുസ്തകത്തിൽ മുഹമ്മദ് നിബിയുടെ ചിത്രം ചേർത്തതിനെ സംബന്ധിച്ച് ആക്ഷേപമുണ്ടായിട്ടുണ്ടോ ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: മുഹമ്മദ് നിബിയുടെ ഛായ ചേർത്തിട്ടുണ്ടായിരുന്നു. അതു് എന്റെ അറിവോടുകൂടിയാണു്. അതു ചേർത്തതിനുള്ള ഉത്തരവാദിയും ഞാനാണു്. ക്രിസ്തു, ബുദ്ധൻ മുതലായവരുടെ ഛായ എഴുതി ചേർത്തിട്ടുള്ളതുപോലെ നിബിയുടേയും ഒരു ഛായ സങ്കല്പിച്ചു് എഴുതി ചേർത്താൽ നന്നായിരിക്കുമെന്നു് എനിക്കു തോന്നി. ചേർത്തതിനു ശേഷമാണു് മതവിരുദ്ധമാണെന്നു മനസ്സിലായതു്.

മിസ്റ്റർ സി. വി. ഇയ്യു: ആ സ്ഥിതിക്കു് അതിൽ ഒരു മുസ്ലിം മെമ്പർകൂടി ഉണ്ടായിരിക്കുന്നതു നല്ലതല്ലേ ?

മിസ്റ്റർ സി. കെ. നായർ: മലയാളഭാഷ അറിയാവുന്ന കുറെ ആളുകളെക്കൂടി ചേർത്താൽ കൊള്ളാമെന്നാണു് എന്റെ അഭിപ്രായം.

56. മിസ്റ്റർ സി. കെ. നായർ:

(എ) ഫ ഫ ഫ വ-നു ശേഷം പാഠപുസ്തകസമിതി അംഗീകരിച്ചിട്ടില്ലാത്ത ഏതെങ്കിലും പുസ്തകം ഈ വിദ്യാലയവർഷത്തിൽ കൊച്ചിയിലെ വിദ്യാലയങ്ങളിൽ പാഠപുസ്തകമാക്കീട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ:

(എ) ഉവ്വു്.

(ബി) ലിസ്റ്റു് താഴെ ചേർക്കുന്നു.

1.	The Madras S. S. L. C. Selection for 1943	Form VI English Detailed.
2.	Madras S. S. L. C. Selections for 1943	Form V and VI Tamil Detailed.
3.	Khalaka Tamil Padhathiruthi Book I	Form IV Tamil Detailed.
4.	Khalaka Tamil Patam Book 3	Form III do.
5.	Do. 2	Form II do.
6.	Do. 1	Form I do.
7.	Rural Reconstruction in Tamil	Form VI Tamil Non-detailed.
8.	Gopal Krishna Gokhale by M.S. Sabhesan, M.A.	Form V do.
9.	Chakravarthikal Kathai	Form IV do.
10.	Abraham Lincoln	Form III do.
11.	Veemabathu Veeram	Form II do.
12.	Madras University S. S. L. C. Selections for 1943	Form VI Sanskrit Detailed.
13.	Quira-athul Rashida Part 3	Form VI Arabic
14.	Annahavul Wadih Part 3 by Ali Jarim	Form VI Arabic Grammar.
15.	Quira-athul Rashida Part 2	Form V ,, Detailed.
16.	Annahavul Wadih Part II by Ali Jarim	Form V ,, Grammar.
17.	Quira-athul Rashida Part II	Form IV ,, Detailed.
18.	Annahavul Wadih Part III by Ali Jarim	Form IV ,, Grammar.
19.	Thuhafathul Thalibeen by E. K. Maoulavi	Form IV and V ,, Non-detailed.
20.	Kitabul Lugha by E. K. Moulavi	Form I ,, Detailed.
21.	Amaliath	Class 4 Arabic Detailed.
22.	Deniath	Class 3 ,, Detailed.
23.	Addurusal Arabiya Book 3	Form III Detailed.
24.	Do. Book 2	Form II Detailed.
25.	Madras University S. S. L. C. Selections for 1943	Form VI French ..
26.	Madras University S. S. L. C. Selections for 1943	Form VII Latin ..

മിസ്റ്റർ സി. കെ. നായർ: ടെക്സ്റ്റു് ബുക്ക കമ്മിറ്റി പരിശോധിക്കാതെ പതിവില്ലാത്ത പുസ്തകങ്ങളല്ലെ ഇവയത്രയും ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: എസ്സു്. എസ്സു്. എൽ. സി. ക്കുള്ള പുസ്തകങ്ങളൊന്നും സാധാരണ ടെക്സ്റ്റ്ബുക്കുകമ്മിറ്റി പരിശോധിക്കാറില്ല.

മിസ്റ്റർ സി. കെ. നായർ: ടെക്സ്റ്റ്ബുക്കുകമ്മിറ്റി പരിശോധിച്ചല്ലാതെ സ്വീകരിക്കുവാൻ പാടില്ലെന്നുള്ള വിഭാഗത്തിൽ പെടുന്നവയെ ഇക്കൊല്ലത്തിൽ പാഠപുസ്തകങ്ങളായി വെച്ചിട്ടുണ്ടോ കൊച്ചിയിൽ ?

LIBRARY ARCHIVES Kerala Legislative Assembly